**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372** **13-03-2023 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യു ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലുമാണ് പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സമിതി തയാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങളും കരടും ക്രോഡീകരിച്ച് ബോർഡ് യോഗം മുൻപാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മേല്പറഞ്ഞ രീതിയിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തനപരിധി പുനഃക്രമീകരിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് മുഴുവൻ വീടുകളിലേക്കും വാട്ടർ | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി |

| | | | |
|---|---|---|---|
| | അതോറിറ്റി മുഖേന കുടിവെള്ളമെത്തിക്കുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത് റവന്യൂ ജില്ല, നിയമസഭാ മണ്ഡലം എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ? | | പുനഃക്രമീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലുമാണ് പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സമിതി തയാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങളും കരടും ക്രോഡീകരിച്ച് ബോർഡ് യോഗം മുൻപാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മേല്പറഞ്ഞ രീതിയിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തനപരിധി പുനഃക്രമീകരിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ